**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 645** **02-02-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ നിന്നും ലഭിക്കുന്ന നെല്ല്, മീൻ എന്നിവയുടെ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ നിന്നും സുലഭമായി ലഭിക്കുന്ന നെല്ല്, മീൻ എന്നിവയുടെ വ്യവസായ സംരംഭങ്ങൾ കുട്ടനാട്ടിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | നെല്ല്, മീൻ എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന വ്യവസായ സംരംഭങ്ങൾ കുട്ടനാട് പ്രദേശത്ത് ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളായ ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതികൾ പ്രകാരം വായ്പ ബന്ധിത സബ്സിഡികൾ അനുവദിച്ച് വരുന്നുണ്ട്.<br><br>സൂക്ഷ്മ വിഭാഗത്തിൽപെടുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ്ങ് എന്റർപ്രൈസ് (PMFME) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് (ODOP) മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ആയത് പ്രകാരം ആലപ്പുഴ ജില്ലയിലെ മൂല്യ വർദ്ധിത ഉല്പന്നമായ അരി ഉല്പന്നങ്ങളുടെ യൂണിറ്റുകൾക്ക് പുതിയ സംരംഭം തുടങ്ങുന്നതിനോ നിലവിലുള്ള സംരംഭം നവീകരിക്കുന്നതിനോ യോഗ്യതയുള്ള പ്രോജക്റ്റിന്റെ സ്ഥിര മൂലധനത്തിന്മേൽ 35% പരമാവധി പരിധി 10 ലക്ഷം രൂപ ഒരു യൂണിറ്റിന് സഹായം ലഭിക്കും.<br><br>സംരംഭകർക്ക് നെല്ല്, മീൻ എന്നിവയുടെ സംസ്കരണം, വിപണനം എന്നിവ ഉൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച പരിശീലന പരിപാടികൾ നടത്തി സംരംഭം ആരംഭിക്കുന്നതിന് ജില്ലാ |

| | | | |
|---|---|---|---|
| | | | വ്യവസായ കേന്ദ്രം വഴി കൈത്താങ്ങ് സഹായം നൽകി വരുന്നുണ്ട്.<br><br>നെല്ലും, മീനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതുൾപ്പെടെയുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലം മുതൽ വിവിധങ്ങളായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.<br><br>നെല്ലിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനവും അതുവഴി കാർഷിക മേഖലയുടെ സമഗ്രവികസനവും സാധ്യമാക്കുന്ന പദ്ധതിയാണ് റൈസ് ടെക്നോളജി പാർക്ക്. അപ്പർ കുട്ടനാട് ഉൾപ്പെടെയുള്ള ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നെല്ല് ഉല്പന്നങ്ങളുടെ മൂല്യവർദ്ധന ലക്ഷ്യമാക്കി സംയോജിത റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നെല്ലും മീനും മൂല്യ വർധിത ഉൽപ്പന്നങ്ങളാക്കി വിപണിയിൽ ലഭ്യമാകത്തക്ക നിലയിലുള്ള വ്യവസായ സംരംഭങ്ങൾ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | നെല്ല്, മീൻ എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന വ്യവസായ സംരംഭങ്ങൾ കുട്ടനാട് പ്രദേശത്ത് ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളായ ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതികൾ പ്രകാരം വായ്പ ബന്ധിത സബ്സിഡികൾ അനുവദിച്ചു വരുന്നുണ്ട്.<br><br>സൂക്ഷ്മ വിഭാഗത്തിൽപെടുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ്ങ് എന്റർപ്രൈസ് (PMFME) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് (ODOP) മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ആയത് പ്രകാരം ആലപ്പുഴ ജില്ലയിലെ മൂല്യ വർദ്ധിത ഉല്പന്നമായ അരി ഉല്പന്നങ്ങളുടെ യൂണിറ്റുകൾക്ക് പുതിയ സംരംഭം തുടങ്ങുന്നതിനോ നിലവിലുള്ള സംരംഭം നവീകരിക്കുന്നതിനോ യോഗ്യതയുള്ള പ്രോജക്ടിന്റെ സ്ഥിര മൂലധനത്തിന്മേൽ 35% പരമാവധി പരിധി 10 ലക്ഷം രൂപ ഒരു യൂണിറ്റിന് സഹായം ലഭിക്കും. |

| | | | |
|---|---|---|---|
| | | | സംരംഭകർക്ക് നെല്ല്, മീൻ എന്നിവയുടെ സംസ്കരണം, വിപണനം എന്നിവ ഉൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച പരിശീലന പരിപാടികൾ നടത്തി സംരംഭം ആരംഭിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം വഴി കൈത്താങ്ങ് സഹായം നൽകി വരുന്നുണ്ട്.<br><br>നെല്ലും, മീനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതുൾപ്പെടെയുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലം മുതൽ വിവിധങ്ങളായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.<br><br>നെല്ലിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനവും അതുവഴി കാർഷിക മേഖലയുടെ സമഗ്രവികസനവും സാധ്യമാക്കുന്ന പദ്ധതിയാണ് റൈസ് ടെക്നോളജി പാർക്ക്. അപ്പർ കുട്ടനാട് ഉൾപ്പെടെയുള്ള ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നെല്ല് ഉല്പന്നങ്ങളുടെ മൂല്യവർദ്ധന ലക്ഷ്യമാക്കി സംയോജിത റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ